CMSLP SCHOOL KAVIYOOR

# വിദ്യായാത്ര

## Academic Master Plan

## 2025-26



സി. എം. എസ്. എൽ. പി. സ്കൂൾ

കവിയൂർ

മല്ലപ്പള്ളി സബ് ജില്ല

പത്തനംതിട്ട ജില്ല, പിൻ : 689582

ഫോൺ നമ്പർ : 9497817631

---

അക്കാദമിക്

മാസ്റ്റർപ്ലാൻ.

---

# ഉള്ളടക്കം.

- ആമുഖം
- ലക്ഷ്യങ്ങൾ.
- പദ്ധതി രൂപീകരണ പ്രക്രിയ.
- വികസനത്തിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ.
- പദ്ധതി വിശദാംശങ്ങൾ.
- അധ്യാപകരുടെ വിവരങ്ങൾ.
- അക്കാദമിക് വിജയം.

# ആമുഖം

നവകേരള മിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് വലിയതോതിലുള്ള പിന്തുണ ലഭിച്ചുവരികയാണ്. ഭൗതിക സൗകര്യങ്ങൾക്കൊപ്പം സമൂഹത്തിനുണ്ടായിവന്ന പുതിയ ധാരണകളും സങ്കല്പങ്ങളും ഉൾക്കൊള്ളുന്ന തരത്തിലുള്ള പദ്ധതികൾ രൂപപ്പെട്ടുവരുന്നുണ്ട്. കെട്ടിടങ്ങളെക്കുറിച്ചുള്ള പുത്തൻ സങ്കല്പങ്ങളും ഇതിൽ പ്രതിഫലിക്കുന്നു. എന്നാൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ അനിവാര്യതയായ അക്കാദമിക് മികവ് വർദ്ധിപ്പിക്കുന്നതി- ന് ഒട്ടേറെ കൃത്യമായ പദ്ധതികൾ രൂപപ്പെടുത്തേണ്ടതുണ്ട്. മികച്ച അക്കാദമിക പദ്ധതികളുണ്ടായാലേ ആവശ്യമായ ഭൗതിക സൗകര്യവികസന സങ്കേതം സ്ഥാപനത്തിന് അനുയോജ്യമാണോ എന്ന് വിലയിരുത്താൻ കഴിയൂ.

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | സി.എം.എസ്.എൽ.പി.എസ് കവിയൂർ |
| മേൽവിലാസം | : | കവിയൂർ പി.ഒ തിരുവല്ല, pin: 689582 |
| സ്ഥാപിതം | : | 1850 |
| പഞ്ചായത്ത് | : | കവിയൂർ |
| വില്ലേജ് | : | കവിയൂർ |
| ബ്ലോക്ക് | : | മല്ലപ്പള്ളി |
| ജില്ല | : | പത്തനംതിട്ട |
| ബി.ആർ.സി | : | മല്ലപ്പള്ളി |
| സി.ആർ.സി | : | തോട്ടഭാഗം |
| സബ് ജില്ല | : | മല്ലപ്പള്ളി |
| വിദ്യാഭ്യാസ ജില്ല | : | തിരുവല്ല |
| ഫോൺ | : | NIL |
| Email | : | binusabu1970@gmail.com |
| പ്രധാനാധ്യാപികയുടെ പേര് | : | ബിനു ജേക്കബ് |
| Mobile no | : | 9497 617631 |

## ചരിത്രം.

ഒന്നരനൂറ്റാണ്ടിന് മുൻപ്
കവിയൂരിലെയും സമീപ പ്രദേശങ്ങളിലെയും
കുട്ടികൾക്ക് പ്രാഥമികവിദ്യാഭ്യാസം നൽകുന്നതിന്
വേണ്ടി സി.എം.എസ് മിഷനറിമാരാൽ സ്ഥാപിക്കപ്പെട്ട
വിദ്യാലയമാണിത്. 1850-ൽ കവിയൂരിലെ
ഞാൽഭാഗത്ത് കല്ലികാട്ടിൽ സ്ഥാപിതമായ
പള്ളിക്കൂടമാണ് ഇന്നത്തെ കവിയൂർ
സി.എം.എസ്. എൽ. പി. സ്കൂൾ. പള്ളിയും
കൂടവുമായാണ് ആദ്യകാലത്ത് ഈ വിദ്യാലയം
തുടങ്ങിയത്. പിന്നീട് ഒന്നും രണ്ടും
ക്ലാസുകളായി ഉയർന്നു. ആദ്യകാലത്തെ
ഹെഡ്മാസ്റ്റർ കാരയ്ക്കലാശാൻ ആയിരുന്നു.
പിന്നീട് പടിഞ്ഞാറ്റുശ്ശേരിയിൽ കൈപ്പള്ളി
കുടുംബക്കാർ നൽകിയ സ്ഥലത്ത് സ്കൂൾ
വിദ്യാലയമായി ഒരു കെട്ടിടം പണിതു.
4 ക്ലാസുകളുള്ള വിദ്യാലയമായി ഉയർന്നു.
2015-ൽ കുട്ടികളുടെ അഭാവം മൂലം
സ്കൂൾ താൽക്കാലികമായി അടക്കപ്പെട്ടു.
പിന്നീട് 2017 ൽ വീണ്ടും തുടർന്ന് പ്രവർത്തിക്കുന്നു.
ഇപ്പോൾ ശ്രീമതി. ബിനു ജേക്കബ് പ്രധാനാധ്യാപികയായി
പ്രവർത്തിച്ചുവരുന്നു.

## ലക്ഷ്യങ്ങൾ.

- വിദ്യാഭ്യാസ അവകാശനിയമം മുഴുവൻ കുട്ടികൾക്കും സൗജന്യവും ഗുണമേന്മയു-ള്ളതുമായ പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതാണ് വിദ്യാഭ്യാസപരമായ ലക്ഷ്യം.
- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും സൗജന്യവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നു.
- ശിശു സൗഹൃദാന്തരീക്ഷം ഉറപ്പാക്കുന്നു.
- സ്കൂൾ പ്രവേശനത്തിനും വിടുതലിനും ലളിതമായ നടപടി ക്രമങ്ങൾ.
- സ്കൂൾ പാഠ്യപദ്ധതി ഫലപ്രദമായി നടപ്പിലാക്കുകയും സമയബന്ധിതമായി പൂർത്തീകരിക്കുകയും വേണം.
- സ്കൂൾ പ്രവർത്തനങ്ങളിൽ കൃത്യതയും സമയനിഷ്ഠയും പാലിക്കുന്നു.

- ആരോഗ്യശീലങ്ങൾ പാലിക്കൽ, പൊതു സ്ഥലങ്ങൾ ശുചിയായി സൂക്ഷിക്കൽ എന്നിവ നമ്മുടെ കടമയാണെന്നു മനസിലാക്കി പ്രവർത്തിക്കാനുള്ള ശീലം വിദ്യാലയത്തിൽ നിന്നും സ്വാംശീകരിക്കാനുള്ള അവസരം ഒരുക്കൽ.
- എല്ലാ കുട്ടികൾക്കും ആരോഗ്യസംരക്ഷണം, പോഷകാഹാരം, ശുചിത്വാന്തരീക്ഷം എന്നിവ ഉറപ്പ് വരുത്തൽ.
- ഒരു കുട്ടിപോലും പൊതുവിദ്യാലയത്തിലെ അച്ചടക്കത്തിന്റെ പേരിൽ പാഴാകിപ്പോകില്ലെന്നുറപ്പു വരുത്തുക.
- എല്ലാ കുട്ടികളെയും വായനാശീലമുള്ളവരാക്കി മാറ്റുക.
- ആധുനികസാങ്കേതിക വിദ്യയിൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പിന്നിലാകില്ലെന്നുറപ്പു വരുത്തുക.

- കാലാകാലങ്ങളിൽ പരിശീലന പരിപാടികളിലൂടെ സ്വയം നവീകരണം.
- ഭയരഹിതവും വിവേചന രഹിതവുമായ സ്കൂൾ അന്തരീക്ഷം.
- കുട്ടികളുടെ പഠനനേട്ടം കൃത്യമായി നിർണ്ണയിക്കുകയും രക്ഷിതാക്കളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിന് കൗൺസിലിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- പ്ലാസ്റ്റിക് രഹിത, ലഹരി വിമുക്ത ക്യാമ്പസ് ഉണ്ടാക്കുക.
- മദ്യത്തിനും മയക്കുമരുന്നിനും എതിരായ മനോഭാവം രൂപപ്പെടുത്തുക.
- പഠന പിന്നോക്കാവസ്ഥയിലെ കുട്ടികളെ മുന്നിലെത്തിക്കുന്നതിനാവശ്യമായ അക്കാദമിക പിൻതുണ ഉണ്ടാക്കുക.
- കാർഷിക സംസ്കാരവും പുത്തൻതല-മുറയെ വളർത്തുക.
- സ്കൂൾ വികസിന്റെ കേന്ദ്രമാക്കുക.
- അധ്യാപനവും അധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

5

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ .

| അക്കാദമികം | ഭൗതികം | സാമൂഹികം |
| --- | --- | --- |
| • ഭാഷാശേഷി വികസനം | • വിശ്രമമുറി (സിക്ക് റൂം) | • പി.ടി.എ ശക്തിപ്പെടുത്തൽ |
| • ഗണിതശേഷി വികസനം | • കമ്പ്യൂട്ടർ റൂം | • വിദ്യാലയ വികസന സമിതി |
| • ഇംഗ്ലീഷ് പഠന പരിപോഷണം | • ലൈബ്രറി | • പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| • വായനാ പരിപോഷണം | • അസംബ്ലി ഹാൾ | • ക്ലാസ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ |
| • ലൈബ്രറി ശക്തീകരണം | • കുടിവെള്ളം | • ഭവനസന്ദർശനം |
| • പഠനയാത്രകൾ | • ഡൈനിംഗ് ഹാൾ | |
| • കലാ-കായിക മേള | | |
| • ക്ലാസ് സജീവമാക്കൽ | | |
| • സ്കൂൾ മാസിക | | |
| • പ്രവർത്തി പരിചയ പഠനം | | |
| • പച്ചക്കറിത്തോട്ടം | | |
| • പോഷകാഹാരപരിപാടി | | |
| • ദിനാചരണം | | |
| • ഐ.ടി. പരിശീലനം | | |

(6)

# പദ്ധതി വിശദാംശങ്ങൾ.

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ. | |
| ഇംഗ്ലീഷിൽ സർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ക്ലാസ്മാസികകൾ ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ | പ്രതിമാസ പരിപാടി | ക്ലബ്./ ഇംഗ്ലീഷ് അധ്യാപിക. | |
| കുട്ടികളുടെ ഭാഷാ-പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്. | |

| വിഷയം | പ്രശ്നങ്ങൾ | കാരണങ്ങൾ | പരിഹാരങ്ങൾ. |
|---|---|---|---|
| മലയാളം | എഴുത്തിലും വായനയിലും ഉള്ള പോരായ്മ | മാധ്യമങ്ങളുടെ അതിപ്രസരം | രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണം |
| | സ്വയം കണ്ടെത്തി പഠിക്കാനുള്ള ആർജ്ജവം ഇല്ലായ്മ | വേണ്ടത്ര ശിക്ഷണം ഇല്ലായ്മ | നിരീക്ഷണപാടവം വളർത്തിയെടുക്കുക. |
| | വായന പരിപോഷിപ്പിക്കുന്നതിനായി പ്രായത്തിനനുസരിച്ചുള്ള പുസ്തകങ്ങളുടെ അപര്യാപ്തത | സ്വയം കണ്ടെത്തി പഠിക്കാനുള്ള ആർജ്ജവം ഇല്ലായ്മ | കുട്ടികൾക്ക് രചിക്കാനുള്ള പ്രോത്സാഹനം നൽകുക. |
| പരിസ്ഥിതിപഠനം | പ്രകൃതിയുമായി ഇണങ്ങി ചേർന്ന് പഠിക്കാനുള്ള താത്പര്യം ഇല്ലായ്മ | സോഷ്യൽ മീഡിയയുടെ കടന്നുകയറ്റം | ക്ലാസ് മുറികളിൽ തന്നെ പഠനം തുടങ്ങാതെ പ്രകൃതിയുമായി ഇണങ്ങി ചേർന്ന് പഠിക്കാനുള്ള സാഹചര്യം സൃഷ്ടിക്കണം ഉണ്ടാക്കുക. |
| | പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനുള്ള താൽപര്യക്കുറവ് | പരീക്ഷണ നിരീക്ഷണത്തിനോടുള്ള താൽപര്യക്കുറവ് | പാഠപുസ്തകത്തിലെ പരീക്ഷണനിരീക്ഷണങ്ങൾക്ക് പ്രാധാന്യം നൽകുക. |

(8)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | ജ്യാമിതിയ ഉപകരണങ്ങൾക്ക് പ്രാധാന്യം നൽകി. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1000/- പി.ടി.എ |
| ഗണിതപഠന പ്രവർത്തനത്തിൽ സഹായമാകൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനു-സരണം | എസ്. ആർ. ജി ഗണിത ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| സർഗ്ഗാത്മ രചനകളിൽ പങ്കാളിയാകാൻ അവസരമൊരുക്കൽ | കഥയരങ്ങ് / കവിയരങ്ങ് രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ | 2 മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി. | |
| കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ നാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും അതിന്റെ അവതരണവും | 1 വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. | |
| അവതരണ മികവ് തെളിയിക്കൽ | വിദ്യാലയത്തിൽ നടത്തുന്ന പരിപാടികളിലൂടെ കുട്ടികൾ അതിലേക്ക് പേര് നൽകി വരുന്നു. | ആഴ്ചയിൽ ഒരിക്കൽ | എസ്.ആർ.ജി. | |

(10) 

# അക്കാദമിക പ്രവർത്തനങ്ങൾ

## മലയാള ഭാഷാപഠനം.

- മലയാളത്തിലുള്ള പഠനരീതിയിൽ തന്നെ ക്ലാസ്സ്റൂം പഠന പ്രവർത്തനങ്ങൾ പ്രാവർത്തികമാകുന്നു.
- നാടകാവതരണത്തിലൂടെ കുട്ടികളുടെ അവതരണ ശൈലി മെച്ചപ്പെടുത്തുന്നു.
- ഓരോ കുട്ടിയിലും അക്ഷരങ്ങൾ ഉറപ്പാക്കാനും വായനയിൽ പ്രാഗൽഭ്യം ഉണ്ടാക്കാനും എൽ.കെ.ജി മുതൽ വ്യത്യസ്ത പ്രവർത്തനത്തിലൂടെ കുട്ടികളെ പ്രാപ്തരാക്കും.
- വാർത്താ വായനയിൽ കുട്ടികളെ പ്രാപ്തരാക്കും.
- ലൈബ്രറി പുസ്തകങ്ങൾ വായിക്കാനും സ്വയം കുറിപ്പ് തയ്യാറാക്കാനും ഓരോ കുട്ടിയെയും പ്രാപ്തരാക്കും.
- എല്ലാ കുട്ടികളേയും ലാപ്ടോപ്പ് സംവിധാനത്തോടെ മലയാളം ടൈപ്പിംഗ് പഠനം പ്രാവർത്തികമാക്കും.

(11)

- വായന പരിപോഷിപ്പിക്കാനായി ഓരോ ക്ലാസിലേയും ലൈബ്രറി വിപുലപ്പെടുത്തും.
- കുട്ടികളിലെ സ്വയം രചനയ്ക്കുള്ള അവസരങ്ങൾ പരമാവധി പരിപോഷിപ്പിക്കും.
- നേതൃത്വപാടവം വികസിപ്പിക്കും അവതരണ ശേഷി വികസിപ്പിക്കും.
- കുട്ടികളുടെ കരവിരുതുകൾ കണ്ടെത്തി പരിപോഷിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകും.
- പദകേളി, കവിത, കഥാപാരായണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ മലയാള പഠനം എളുപ്പമാക്കാൻ ശ്രമിക്കും.
- കഥ, കവിത എന്നിവ പഠിക്കുന്നതിലൂടെ അതിലെ എഴുത്തുകാരെ പരിചയപ്പെടാനുള്ള അവസരം പരമാവധി നൽകും.
- വായനയിലൂടെ വ്യത്യസ്ത തലങ്ങൾ പരിചയപ്പെടുത്തും

- വായന ഗ്രൂപ്പ് രൂപീകരിക്കൽ, പിന്നോക്കം നിൽക്കുന്ന കുട്ടികളെ വായനയിൽ സഹായിക്കുന്നതിന് നല്ല വായനക്കാരെ ചുമതലപ്പെടുത്തൽ, കുട്ടികളുടെ വായനാക്കുറിപ്പുകൾ പതിപ്പാക്കൽ, മികച്ച വായനക്കാർക്ക് പൊതുവേദിയിൽ അംഗീകാരം തുടങ്ങിയ പ്രവർത്തനങ്ങൾ സജ്ജമാക്കും.

- അസംബ്ലിയിൽ വാർത്താവായന പരിശീലനം കുട്ടികൾക്ക് നൽകും.

# ഗണിതം.

- എല്ലാ കുട്ടികളിലും ഗണിതാശയം ഉറപ്പിക്കാനുതകുന്ന പഠന പ്രവർത്തനങ്ങൾ നൽകണം
- ഗണിത കേളികളിലൂടെ പഠനം എളുപ്പമാക്കാനുള്ള പ്രവർത്തനങ്ങൾ നൽകണം.
- വ്യത്യസ്ത ആശയങ്ങൾ തിരിച്ചറിയാനും സ്വയം ആശയങ്ങൾ നിർമിക്കാനും കുട്ടികളെ പ്രാപ്തരാക്കണം.
- നിത്യ ജീവിതവുമായി ബന്ധപ്പെട്ട് പ്രായോഗിക പ്രശ്നങ്ങൾ എളുപ്പത്തിൽ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കണം.
- ഐ.ടി സഹായത്തോടെ ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തണം.
- ഗണിത മേള, പ്രകൃതി ഗണിതം, ഗണിത ലാബ് ഗണിതക്വിസ് തുടങ്ങിയ പ്രവർത്തനത്തിലൂടെ ഓരോ കുട്ടിയിലും ഗണിതം മധുരമാകണം.

(13)

## ഇംഗ്ലീഷ് -

- Spoken English Training.
- English Assembly.
- English Fest.
- Display Board for English.
- Thought for the Day in Bulletin Board.

(14)

- ഇംഗ്ലീഷ് ചിത്രകഥാ പുസ്തകങ്ങൾ വായിക്കാനവസരം നൽകും.
- ഓരോ ഇംഗ്ലീഷ് യൂണിറ്റുമായും ബന്ധപ്പെട്ട് വരുന്ന കഥാപാത്രങ്ങളെ കുറിച്ച് വിവരണം തയ്യാറാക്കൽ.
- മുഖം മൂടി വെച്ച് റോൾ പ്ലേ ചെയ്യൽ.
- എല്ലാ ദിവസവും നിശ്ചിതസമയം ഇംഗ്ലീഷ് സംസാരം.

## ശാസ്ത്രം.

- കുട്ടികളിൽ ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിച്ചു കൊണ്ട് ശാസ്ത്രപഠനം ശക്തിപ്പെടുത്തും.
- ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെ പാഠ്യപദ്ധതിയനുസരിച്ച് നടക്കേണ്ട പരീക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കണം.
- സ്കൂളിലെ ഓരോ പ്രവർത്തനത്തെയും പഠനപ്രവർത്തനവുമായി ബന്ധിപ്പിക്കുക.

(16) കമ്പ്യൂട്ടർ വിദ്യാഭ്യാസം.

- കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള അധ്യാപനത്തിലൂടെ പഠനം കൂടുതൽ കാര്യക്ഷമമാക്കുക.
- ക്ലാസ് പി.ടി.എ മുമ്പാകെ കമ്പ്യൂട്ടർ പ്രയോജനപ്പെടുത്തി കുട്ടികൾ വിഷയപഠനം നടത്തുന്നതെങ്ങനെയെന്ന് പോർട്ട്ഫോളിയോ ക്ലാസിലൂടെ ബോധ്യപ്പെടുത്തുക.
- പ്രാദേശിക വൈദഗ്ധ്യം കണ്ടെത്തലും പ്രയോജനപ്പെടുത്തലും.
- പഠനവിഷയവുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടർ സാധ്യതകൾ ഓരോ ക്ലാസിലും ലിസ്റ്റ് ചെയ്യുക.

## (17) പഠന വിനോദ യാത്ര.

- എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കി അക്കാദമിക മികവിനായി പഠനയാത്രകൾ ക്രമീകരിക്കുന്നത്.
- പ്രാദേശിക പഠനയാത്രകൾ.
- എല്ലാ കുട്ടികളെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് പഠന യാത്രയുടെ ലക്ഷ്യം, ആവശ്യകത എന്നിവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തണം.
- പോകുന്ന സ്ഥലത്തെക്കുറിച്ച് മുൻകൂട്ടി അധ്യാപികയുടെ സഹായത്തോടെ വിവരം ശേഖരിക്കുക.
- വിവിധ വിഷയപഠനവുമായി പഠനയാത്രയെ ബന്ധിപ്പിക്കണം, തുടർപ്രവർത്തനം നടത്തണം.

18

# കുട്ടികളുടെ പഠന നിലവാരം.

ആകെയുള്ള കുട്ടികളിൽ ഏതാനും ചിലർക്കും മാത്രമാണ് എഴുത്തും വായനയും മെച്ചപ്പെട്ട രീതിയിൽ വശമില്ലാത്തത്. ബാക്കിയുള്ള കുട്ടികൾ എല്ലാവരും എഴുത്തിലും വായനയിലും ഗണിതത്തിലും മെച്ചപ്പെട്ട നിലവാരം പുലർത്തുന്നുണ്ട്. ഇംഗ്ലീഷ് ഭാഷയിലും ഇവർക്ക് പ്രാവണ്യമുണ്ട്. കുട്ടികൾ വായനമൂല നല്ല രീതിയിൽ പ്രയോജനപ്പെടുത്താറുണ്ട്. കളിക്കുടുക്ക, ബാലരമ തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ സ്കൂളിൽ തന്നെ കുട്ടികൾക്ക് വായിക്കാനുള്ള അവസരം ഒരുക്കുന്നുണ്ട്. പരിസരപഠനത്തിൽ കുട്ടികൾ പൊതുവെ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നുണ്ട്.

എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും പ്രത്യേകം പരിശീലനം കൊടുക്കാറുണ്ട്.

(19) വായിക്കുവാനും ഗണിതം ചെയ്യുവാനുമുള്ള
പരിശീലിപ്പിക്കുന്നു. സ്കോളർഷിപ്പ്
ലഭ്യമാകുന്ന കുട്ടികൾക്ക് പരിശീലനം
പ്രവൃത്തി ദിവസങ്ങളിൽ ഉച്ചഭക്ഷണത്തിനും
ശേഷമുള്ള സമയത്ത് നൽകുന്നു.
പിന്നാക്കം കുട്ടികളുടെ തന്നെ
ക്ലാസ്സുകളിൽ അവർ നേടേണ്ട ശേഷികൾ
നേടി മികച്ച നിലവാരം പുലർത്തുന്നു.

(20) അദ്ധ്യാപകരുടെ വിവരങ്ങൾ

പ്രൈമറി വിഭാഗം

| Sl No | Name of Teachers | Qualification | Entry in service | Total years in present school | Class in charge |
|---|---|---|---|---|---|
| 1 | Binu Jacob | S.S.L.C, P.DC, T.T.C | 18.01.1998 | 3 years | I, II |
| 2 | Olivia Anna Elizabeth chandy | S.S.L.C, Plus Two, B.Sc, Msc, D.El.Ed. | 21.07.2025 | | III, IV |

2025 - 2026 വർഷം കുട്ടികളുടെ എണ്ണം.

1 മുതൽ 4 വരെ

| ക്ലാസ് | എസ്.സി | | | എസ്.ടി | | | ഒ.ബി.സി | | | ജനറൽ | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | ഗ | T | B | ഗ | T | B | ഗ | T | B | ഗ | T | B | ഗ | T |
| I | - | - | - | - | - | - | 1 | 0 | 1 | - | - | - | 1 | 0 | 1 |
| II | - | - | - | - | - | - | 2 | 0 | 2 | - | - | - | 2 | 0 | 2 |
| III | - | - | - | - | - | - | 1 | 3 | 4 | - | - | - | 1 | 3 | 4 |
| IV | - | - | - | - | - | - | 0 | 1 | 1 | - | - | - | 0 | 1 | 1 |
| ആകെ | - | - | - | - | - | - | 4 | 4 | 8 | - | - | - | 4 | 4 | 8 |

# പൊതു ലക്ഷ്യങ്ങൾ.

- ഭക്ഷണശാല വേണം.
- വായനാമുറി അത്യാവശ്യമാണ്.
- നിലവിലുള്ള പൂന്തോട്ടവും ഔഷധത്തോട്ടവും മെച്ചപ്പെടുത്തണം.
- ഭിത്തിയിൽ കഥാചിത്രങ്ങൾ പെയിന്റ് ചെയ്യണം.
- ലാപ്ടോപ്പ്, പ്രൊജക്ടർ, എന്നിവ അദ്ധ്യാപകർക്ക് ആവശ്യമായ എണ്ണം വേണം.
- പൂന്തോട്ട നിർമ്മാണം പരിപാലനം എന്നിവയ്ക്ക് ഓരോ ക്ലാസിനും ചുമതല.
- തണലിനായി കൂടുതൽ വൃക്ഷത്തൈകൾ വെച്ച് പിടിപ്പിക്കും.